**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3877** **03-03-2023 - ൽ മറുപടിയ്ക്ക്**

**കരുതൽ തടങ്കലിന്റെ ജില്ല തിരിച്ചുള്ള കണക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ വർഷത്തെ ബജറ്റ് അവതരണത്തിന് ശേഷം മുഖ്യമന്ത്രി വിവിധ ജില്ലകളിൽ നടത്തിയ സന്ദർശനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ജനാധിപത്യപരമായി പ്രതിഷേധ സമരങ്ങളിൽ ഏർപ്പെട്ടിരുന്നവരെ കരുതൽ തടങ്കലിൽ എടുത്തതിനുള്ള കാരണം വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ജനാധിപത്യപരമായി പ്രതിഷേധ സമരങ്ങളിൽ ഏർപ്പെടുന്നവരെ കരുതൽ തടങ്കലിലാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രാജ്യത്ത് ഔദ്യോഗിക സുരക്ഷ നിശ്ചയിച്ചിട്ടുള്ള എല്ലാ വ്യക്തികൾക്കുമുള്ള സുരക്ഷാ ക്രമീകരണങ്ങളും അതുമായി ബന്ധപ്പെട്ട മുൻകരുതൽ നടപടികളും കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചുള്ളതാണ്.കേരള മുഖ്യമന്ത്രിക്ക് ഇസെഡ് പ്ലസ് സുരക്ഷയാണ് ഏർപ്പെടുത്തിയിട്ടുള്ളത്. മുഖ്യമന്ത്രിയുടെ യാത്രയ്ക്കിടെ ഔദ്യോഗിക വാഹന വ്യൂഹത്തിലേക്ക് അതിക്രമിച്ച് കയറുന്ന സാഹചര്യം ഒഴിവാക്കാനും സമരക്കാരുടെ സുരക്ഷയെ കരുതിയും മുൻകരുതൽ എന്ന നിലയിൽ ആവശ്യമായ സ്ഥലങ്ങളിൽ 151 Cr.PC പ്രകാരമുള്ള നടപടികൾ പോലീസ് സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ക്രിമിനൽ നടപടിക്രമത്തിലെ 151-ാം വകുപ്പ് പ്രകാരം കൊഗ്നൈസബിൾ കുറ്റങ്ങൾ ചെയ്യാൻ പോകുന്നവരെയാണ് കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതെന്നിരിക്കെ അതിന് വിരുദ്ധമായി മേല്പറഞ്ഞ പ്രകാരം സംസ്ഥാനത്തിലുടനീളം എത്ര പേരെയാണ് നാളിതുവരെയായി കസ്റ്റഡിയിലെടുത്തത്; ഇത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ? | (ബി) | നിയമ വിരുദ്ധമായി സംസ്ഥാനത്ത് ആരെയും പോലീസ് കസ്റ്റഡിയിലെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ